# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 18.11.2025** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1. തീവ്ര വോട്ടർപ്പട്ടിക പരിഷ്ക്കരണ നടപടികൾ തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നത് വരെ നീട്ടിവയ്ക്കണം എന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചു.

2. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണ കൺവെൻഷനുകളിൽ സജീവമാകാൻ വിവിധ മുന്നണികൾ. പത്രികാ സമർപ്പണം വെള്ളിയാഴ്ച അവസാനിക്കും.

3. ആന്ധ്രാപ്രദേശിൽ സുരക്ഷാ സേനയുമായി ഉണ്ടായ ഏറ്റുമുട്ടലിൽ മാവോയിസ്റ്റ് കമാൻഡർ ഉൾപ്പെടെ ആറ് പേർ കൊല്ലപ്പെട്ടു.

4. ആൻറിബയോട്ടിക് മരുന്നുകളുടെ തെറ്റായ ഉപയോഗം തടയുക എന്ന ലക്ഷ്യവുമായി ആൻറിമൈക്രോബിയൽ റെസിസ്റ്റൻസ് അവബോധ വാരാചരണത്തിന് ഇന്ന് തുടക്കം.

5. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക്.

6. ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ വിധിച്ചതിൽ വിയോജിപ്പ് അറിയിച്ച് ഐക്യരാഷ്ട്ര സഭ.

*****************************

## എസ് ഐ ആർ

തദ്ദേശ തിരഞ്ഞെടുപ്പ് പൂർത്തിയാകും വരെ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണ നടപടികൾ നീട്ടിവയ്ക്കണം എന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിനും വോട്ടർപ്പട്ടിക പുതുക്കലിനും ഉദ്യോഗസ്ഥരെ ഒരേസമയം വിന്യസിക്കേണ്ടിവരുന്നത് സർക്കാരിൻറെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും സുഗമമായ തിരഞ്ഞെടുപ്പ് നടത്തിപ്പിനെ ബാധിക്കുമെന്നും ഹർജിയിൽ പറയുന്നു. ഇത് ചൂണ്ടിക്കാട്ടി സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന് കത്ത് അയച്ചതായും റിട്ട് ഹർജിയിൽ അറിയിച്ചു.

*******************************

## തീവ്ര വോട്ടർ പട്ടിക-സംസ്ഥാനം

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക നടപ്പിലാക്കുന്നതിൻറെ ഭാഗമായി വിതരണം ചെയ്ത എന്യൂമെറേഷൻ ഫോമുകളുടെ എണ്ണം 2 കോടി 67 ലക്ഷം കവിഞ്ഞു. പതിനാലാം ദിവസമായ ഇന്നലെ വൈകിട്ട് 6 മണിവരെയുള്ള കണക്കുകളാണിത്. ഫോം വിതരണം 95.89 ശതമാനത്തിലെത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. അതെസമയം, തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി രാജ്യത്താകമാനം ഇതുവരെ 50 കോടി എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തിട്ടുണ്ട്.

*******************************

## തദ്ദേശ തിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണ കൺവെൻഷനുകളിൽ സജീവമാകുകയാണ് മുന്നണികൾ. സ്ഥാനാർത്ഥികൾക്കൊപ്പം വോട്ട് അഭ്യർത്ഥിക്കാൻ വിവിധ പാർട്ടികളുടെ മുതിർന്ന നേതാക്കളും സജീവമാണ്. എൽ ഡി

എഫിൻറെ തിരുവനന്തപുരം കോർപ്പറേഷനിലെ കൺവൻഷൻ വൈകിട്ട് പുത്തരിക്കണ്ടം മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പാലക്കാട് നഗരസഭയിൽ നടന്ന NDA കൺവെൻഷൻ ബിജെപി സംസ്ഥാന വൈസ് പ്രസിഡൻറ് വി.ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. അതെസമയം, കണ്ണൂർ കോർപ്പറേഷനിൽ മത്സരിക്കുന്ന യു.ഡി.എഫ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. 56 ഡിവിഷനുകളിൽ കോൺഗ്രസ് 38 സീറ്റിലും മുസ്ലിംലീഗ് 18 സീറ്റിലും മത്സരിക്കും.

******************************

## <u>നാമനിർദേശ പത്രികാ സമർപ്പണം</u>

തദ്ദേശ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. ഇന്നലെ വരെ 2,994 പേർ പത്രിക സമർപ്പിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. ഏറ്റവും കൂടുതൽ പത്രികാ സമർപ്പണം തൃശൂരിലും ഏറ്റവും കുറവ് കാസർകോട് ജില്ലയിലുമാണ്.ഈ മാസം 21 വരെയുള്ള പത്രിക സമർപ്പണത്തിന് ശേഷം സൂക്ഷ്മ പരിശോധന 22-ന് നടക്കും. നവംബർ 24 വരെ പത്രിക പിൻവലിക്കാം. അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

******************************

## <u>തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം (ഇൻട്രോ)</u>

തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന ഉള്ളടക്കത്തിൻറെ നിരീക്ഷണം ശക്തമാക്കുകയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.....**

(വോയ്സ്)

*****************************

## ആൻറിമൈക്രോബിയൽ - വാരാചരണം

ആൻറിബയോട്ടിക് മരുന്നുകളുടെ തെറ്റായ ഉപയോഗം തടയുക എന്ന ലക്ഷ്യവുമായി ആൻറിമൈക്രോബിയൽ റെസിസ്റ്റൻസ് അവബോധ വാരാചരണത്തിന് ഇന്ന് തുടക്കം. 'ഇപ്പോൾ പ്രവർത്തിക്കുക- വർത്തമാനകാലം സംരക്ഷിച്ചാൽ, ഭാവി സുരക്ഷിതമാകും' എന്നതാണ് ഈ വർഷത്തെ സന്ദേശം. ഈ മാസം 24 വരെ നീളുന്ന വാരാചരണത്തിൻറെ ഭാഗമായി രാജ്യമെമ്പാടും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

*****************************

## അരൂർ തുറവൂർ ഉയരപ്പാത (ഇൻട്രോ)

ആലപ്പുഴ അരൂർ - തുറവൂർ ഉയരപ്പാത നിർമ്മാണത്തിനിടയിൽ ഉണ്ടായ അപകടത്തിൽ നിർമ്മാണ കമ്പനിക്ക് സുരക്ഷാവീഴ്ച ഉണ്ടായതായി വിലയിരുത്തൽ. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അവലോകനേ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.....**

**(വോയ്സ്)**

*****************************

## എസ്.എസ്.എൽ.സി - രജിസ്ട്രേഷൻ

2026 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി, THSLC പരീക്ഷകളുടെ രജിസ്ട്രേഷൻ ഇന്ന് ആരംഭിക്കും. വിജ്ഞാപനത്തിലുള്ള സമയക്രമത്തിൽ ഒരു മാറ്റവും അനുവദിക്കില്ലെന്ന് പരിക്ഷാ ഭവൻ സെക്രട്ടറി അറിയിച്ചു. രജിസ്ട്രേഷൻ നടപടികൾ ഈ മാസം 30 ന് മുൻപ് പൂർത്തിയാക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്. പിഴകൂടാതെ നാളെ വരെ ഫീസ് അടയ്ക്കാം. അടുത്ത വർഷം മാർച്ച് 5

മുതൽ 30 വരെയാണ് പരീക്ഷ. ഐ ടി പരീക്ഷ ഫെബ്രുവരി 2 മുതൽ 13 വരെ നടക്കും.

******************************

## മാവോയിസ്റ്റ്

ആന്ധ്രാപ്രദേശിലെ അല്ലൂരി സീതാരാമരാജു ജില്ലയിൽ സുരക്ഷാ സേനയുമായി ഉണ്ടായ ഏറ്റുമുട്ടലിൽ മാവോയിസ്റ്റ് കമാൻഡർ ഹിഡ്മ ഉൾപ്പെടെ ആറ് പേർ കൊല്ലപ്പെട്ടു. ആന്ധ്ര, ഒഡീഷ അതിർത്തി പ്രദേശത്തെ വനത്തിനുള്ളിലാണ് ഏറ്റുമുട്ടൽ ഉണ്ടായത്. കൊല്ലപ്പെട്ട കമാൻഡർ ഹിഡ്മ 26 ഓളം സായുധ ആക്രമണങ്ങളുടെ സൂത്രധാരനായിരുന്നുവെന്നാണ് റിപ്പോർട്ട്.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

******************************

## ശബരിമല തിരക്ക്

ശബരിമല തീർഥാടന കാലം തുടങ്ങി രണ്ടാം ദിനമായ ഇന്നും സന്നിധാനം, പമ്പ,നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർഥാടകരുടെ വൻ തിരക്ക്. അയ്യപ്പ ദർശനത്തിനായി മണിക്കൂറുകൾ കാത്തുനിന്ന് ദർശനപുണ്യം നേടിയാണ് ഭക്തർ മലയിറങ്ങുന്നത്. അതെസമയം, തീർത്ഥാടനത്തിനിടെ കോഴിക്കോട് കൊയിലാണ്ടി സ്വദേശിനി സതി കുഴഞ്ഞ് വീണ് മരിച്ചു.

******************************

## ശബരിമല- കെഎസ്ആർടിസി

അയ്യപ്പഭക്തർക്ക് സുഗമമായ യാത്രക്കായി ആദ്യഘട്ടത്തിൽ 450 ബസുകൾ സർവീസ് നടത്തുന്നതായി കെഎസ്ആർടിസി. നിലയ്ക്കൽ - പമ്പ ചെയിൻ സർവീസ് ഓരോ മിനിറ്റിലും മൂന്ന് ബസുകൾ വീതം ഭക്തരുടെ തിരക്കനുസരിച്ച് സർവ്വീസ് നടത്തുന്നുണ്ട്. വിവിധ ഡിപ്പോകളിൽ നിന്ന് പമ്പയിലേക്ക് 248 ദീർഘദൂര സർവീസുകൾ നടത്തുന്നുണ്ടെന്നും കെഎസ്ആർടിസി അറിയിച്ചു.

******************************

## ഇടുക്കി - ടൂറിസം (ഇൻട്രോ)

കൊച്ചി-ധനുഷ്കോടി ദേശീയ പാതയുടെ ഭാഗമായ ബോഡിമെട്ട്-ബോഡി ചുരം പാതയിലൂടെയുള്ള യാത്രയിലെ പ്രകൃതിരമണീയമായ കാഴ്ചകൾ സഞ്ചാരികളുടെ മനം കവരുകയാണ്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.......**

**(വോയ്സ്)**

******************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം,കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

******************************

## ഷെയ്ഖ് ഹസീന

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ വിധിച്ചതിൽ വിയോജിപ്പ് അറിയിച്ച് ഐക്യരാഷ്ട്ര സഭ. ഹസീയുടെ അസാന്നിധ്യത്തിൽ പ്രസ്താവിച്ച ട്രൈബ്യൂണൽ വിധിയെ യുഎൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ് എതിർത്തു. പ്രാദേശിക കോടതിയിൽ നടന്ന വിചാരണയ്ക്ക് ഒടുവിലാണ് ഹസീനയ്ക്ക് വധശിക്ഷ വിധിച്ചതെന്ന് യു എൻ മനുഷ്യാവകാശ ഹൈകമ്മീഷൻ അഭിപ്രായപ്പെട്ടു. ബംഗ്ലാദേശിലെ വിദ്യാർത്ഥി പ്രക്ഷോഭം അടിച്ചമർത്തിയതുമായി ബന്ധപ്പെട്ട കേസിൽ മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനക്ക് ഇന്നലെയാണ് ധാക്കയിലെ അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണൽ വധശിക്ഷ വിധിച്ചത്.

******************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 89 പോയിൻറ് നഷ്ടത്തിൽ 84,851ലും നിഫ്റ്റി 49 പോയിൻറ് ഇടിഞ്ഞ് 25,969ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ വില കുറഞ്ഞു. പവന് 1,280 രൂപ കുറഞ്ഞ് 90,680 രൂപയും ഗ്രാമിന് 11,335 രൂപയുമാണ് ഇന്നത്തെ വില.

******************************

## യംഗ് ഇൻഡ്യൻസ് പാർലമെൻറ്

ന്യൂഡൽഹിയിൽ നടന്ന യംഗ് ഇൻഡ്യൻസ് പാർലമെൻറ് 2025 നാഷണൽ ഫൈനൽസിൽ മികച്ച സ്വകാര്യബില്ലിനുള്ള പുരസ്കാരം നേടി തിരുവനന്തപുരം സ്വദേശി എസ്. ആർ. സീതാലക്ഷ്മി. വട്ടിയൂർക്കാവ് സരസ്വതി വിദ്യാലയത്തിലെ +2 വിദ്യാർത്ഥിനിയാണ് സീത. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്ത ദേശീയ തല മത്സരം മുൻ എം പിയും

എഴുത്തുകാരനുമായ ബൈജയന്ത് പാണ്ഡെയാണ് ഉത്ഘാടനം ചെയ്തത്.

******************************

## വല്യത്താൻ അനുസ്മരണ പ്രഭാഷണം

38-ാമത് കേരള സയൻസ് കോൺഗ്രസ്സിന് മുന്നോടിയായി ഡോ. എം.എസ്. വല്യത്താൻ അനുസ്മരണ പ്രഭാഷണം തിരുവനന്തപുരത്ത് നടന്നു. ശ്രീ ചിത്രയിലെ അച്യുതമേനോൻ സെൻ്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് ഓഡിറ്റോറിയത്തിലായിരുന്നു പരിപാടി. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപക ഡയറക്ടറും KSCSTE-യുടെ ആദ്യത്തെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റുമായിരുന്നു ഡോ. എം. എസ്. വല്യത്താൻ.

******************************

## കണ്ണൂർ - കലോത്സവം

അഞ്ച് ദിവസം നീണ്ടു നിൽക്കുന്ന കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവത്തിന് തുടക്കമായി. 15 ഉപജില്ലകളിൽ നിന്നായി 9,000-ലധികം കലാ പ്രതിഭകളാണ് കലോത്സവത്തിൽ പങ്കെടുക്കുന്നത്. 15 വേദികളിലായി 319 ഇനങ്ങളിലാണ് മത്സരം.

******************************

## തൈക്കാട് പിടിഎ

തിരുവനന്തപുരം തൈക്കാട് ശാസ്താംകോവിലിന് സമീപം യുവാവ് കുത്തേറ്റ് മരിച്ച സംഭവത്തിൽ സ്കൂളിന് ബന്ധമില്ലെന്ന് മോഡൽ സ്കൂൾ പിടിഎ. സ്കൂളിൻറെ സൽപേര് കളങ്കപ്പെടുത്തും വിധം വരുന്ന വാർത്തകൾ വസ്തുതാ വിരുദ്ധമാണെന്നും പിടിഎ അറിയിച്ചു. സംഭവത്തിൽ സ്കൂളിനോ അധ്യയനവുമായോ യാതൊരു ബന്ധവുമില്ലെന്നും അധികൃതർ വ്യക്തമാക്കി.

************************************************************************************************

*****************************